# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ: 3147.

**13-03-2017 ൽ മറുപടിയ്ക്ക്**

## തരിശുഭൂമിയിലെ നെൽകൃഷി

**ചോദ്യം**
ശ്രീ.യു. ആർ. പ്രദീപ്

**മറുപടി**
ശ്രീ. വി.എസ്. സുനിൽകുമാർ
(കൃഷി വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് നിലവിൽ എത്ര ഏക്കർ ഭൂമിയിൽ നെൽകൃഷി ചെയ്തു വരുന്നുണ്ട്; എത്ര ടൺ നെല്ല് ഓരോ വർഷവും ഉല്പാദിപ്പിക്കുന്നുണ്ട്; | (എ) | ഇക്കണോമിക്സ് & സ്റ്റാറ്റിസ്റ്റിക്സ് വകുപ്പിന്റെ കണക്ക് പ്രകാരം 2015-2016 വർഷം 492175 ഏക്കറിൽ നെൽകൃഷി നടപ്പിലാക്കിയിട്ടുണ്ട്. ഇതിൽനിന്നും 549275 മെ.ടൺ നെല്ലുൽപ്പാദിപ്പിക്കുകയുമുണ്ടായി. 2016-2017 വർഷത്തെ കണക്ക് ഇക്കണോമിക്സ് & സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ് പ്രസിദ്ധീകരിച്ചിട്ടില്ല. കൃഷി വകുപ്പ് ജില്ലകളിൽ നിന്നും ശേഖരിച്ച കണക്ക് പ്രകാരം ഏകദേശം 506312.5 ഏക്കറിൽ നെൽകൃഷി ചെയ്തു വരുന്നുണ്ട്. |
| (ബി) | നെൽകൃഷി ചെയ്യാവുന്ന ഭൂമി തരിശിട്ടിരിയ്ക്കുന്നതിന്റെ കണക്ക് ലഭ്യമാണോ; ഉണ്ടെങ്കിൽ എത്ര ഏക്കർ വരുമെന്ന് വ്യക്തമാക്കുമോ? | (ബി) | 2016-2017 വർഷം കൃഷി വകുപ്പ് ജില്ലകളിൽ നിന്ന് ശേഖരിച്ച കണക്ക് പ്രകാരം നെൽകൃഷി ചെയ്യാവുന്ന തരിശിട്ടിരിയ്ക്കുന്ന ഭൂമി 28450.39 ഹെക്ടറും തരിശിട്ടിരിയ്ക്കുന്ന കൃഷി ചെയ്യാൻ സാധിക്കുന്ന കരഭൂമി 111082.29 ഹെക്ടറും ആണ്. |
| (സി) | തരിശുകിടക്കുന്ന ഭൂമിയിൽ നെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിന് എന്തെല്ലാം സഹായങ്ങളാണ് കൃഷി വകുപ്പിൽ നിന്നും നൽകി വരുന്നത്; വിശദാംശം വ്യക്തമാക്കുമോ? | (സി) | നെൽകൃഷിക്ക് ഉപയുക്തമായ ഭൂമിയുടെ പരമാവധി ഉപയോഗം ഉറപ്പാക്കുന്നതിനായി കൃഷി ഭവൻ തലത്തിൽ ലഭ്യമായ തരിശുനിലങ്ങൾ ഉപയോഗപ്പെടുത്തി നെൽ കൃഷി നടപ്പിലാക്കി വരുന്നുണ്ട്. ഇതിന്റെ ഭാഗമായി തരിശ് നിലത്തിൽ കൃഷിയിറക്കുന്നതിനായി ഒരു ഹെക്ടറിന് 30000/- രൂപാ നിരക്കിൽ (ഭൂമി കൃഷി |

| | | | |
|---|---|---|---|
| | | | ചെയ്യാനായി വിട്ടുകൊടുക്കുന്ന ഉടമസ്ഥന് ഹെക്ടറിന് 5000/- രൂപയും കൃഷി ചെയ്യുന്ന കർഷകന് കൃഷി ചെലവുകൾക്കായി 25000/- രൂപ എന്ന കണക്കിന്) 870 ലക്ഷം രൂപ. വകയിരുത്തി പദ്ധതി നടപ്പിലാക്കിവരുന്നു. |

സെക്ഷൻ ഓഫീസർ